# കണ്ണൂർ സർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I./PR/2020 കെ. യു എച്ച്. ക്യു., തീയതി: 08.03.2021

<u>പ്രസിദ്ധീകരണത്തിന്</u>

### പരീക്ഷകൾ മാറ്റിവെച്ചു

**അഫീലിയേറ്റഡ് കോളേജു**കളിലും സെന്ററുകളിലും **09.03.2021 (ചൊവ്വ), 10.03.2021 (ബുധൻ)** തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന **അഞ്ചാം** സെമസ്റ്റർ ബിരുദ, **മൂന്നാം** സെമസ്റ്റർ ബിരുദാനന്തര ബിരുദ (എം. ബി. എ. ഉൾപ്പെടെ) പരീക്ഷകൾ മാറ്റിവെച്ചു. പുതുക്കിയ തീതയി പിന്നീട് അറിയിക്കും.

### അപേക്ഷാതീയതി നീട്ടി

**ആറാം** സെമസ്റ്റർ **ബിരുദ** (റെഗുലർ/ സപ്ലിമെന്ററി/ **ഇംപ്രൂവ്മെന്റ്** – 2015 **അഡ്മിഷൻ മുതൽ**, ഏപ്രിൽ 2021) പരീക്ഷൾക്ക് അപേക്ഷിക്കുന്നതിനുള്ള സമയപരിധി **12.03.2021** വരെ പിഴയില്ലാതെയും **16.03.2021** വരെ പിഴയോടുകൂടെയും നീട്ടി. അപേക്ഷകളുടെ ഹാർഡ് കോപ്പിയും ബന്ധപ്പെട്ട രേഖകളും **19.03.2021** ന് വൈകുന്നേരം 5 മണിക്കകം സർവകലാശാലയിൽ സമർപ്പിക്കണം.

### പരീക്ഷാവിജ്ഞാപനം

**ആറും നാലും** സെമസ്റ്റർ **ബി. ടെക്** (സപ്ലിമെന്ററി– 2007 **അഡ്മിഷൻ മുതൽ**, മെയ് 2020) പരീക്ഷൾ വിജ്ഞാപനം ചെയ്തു. **09.03.2021** മുതൽ **15.03.2021** വരെ പിഴയില്ലാതെയും **17.03.2021** വരെ പിഴയോടുകൂടെയും അപേക്ഷിക്കാം.

**നാലാം** സെമസ്റ്റർ **ബിരുദാനന്തര ബിരുദ** (റെഗുലർ/ സപ്ലിമെന്ററി/ **ഇംപ്രൂവ്മെന്റ്** – 2014 **അഡ്മിഷൻ മുതൽ**, ഏപ്രിൽ 2021) പരീക്ഷൾ വിജ്ഞാപനം ചെയ്തു. **10.03.2021** മുതൽ **17.03.2021** വരെ പിഴയില്ലാതെയും **20.03.2021** വരെ പിഴയോടുകൂടെയും അപേക്ഷിക്കാം.

പരീക്ഷാവിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ.

### പ്രായോഗിക പരീക്ഷൾ

**രണ്ടാം** സെമസ്റ്റർ **ബി. എഡ്.** (റെഗുലർ/ സപ്ലിമെന്ററി/ **ഇംപ്രൂവ്മെന്റ്**, നവംബർ 2020) പ്രായോഗിക പരീക്ഷൾ വിജ്ഞാപനം 09.03.2021 മുതൽ 23.03.2021 വരെ വിവിധ കോളേജ്/ സെന്ററുകളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

**<u>പരീക്ഷാഫലം</u>**

**രണ്ടാം** വർഷ **എം. എസ് സി. മാത്തമാറ്റിക്സ്** ഡിഗ്രി സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് (ജൂൺ 2020) പരീക്ഷാഫലം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും പകർപ്പിനും **22.03.2021** ന് വൈകുന്നേരം 5 മണി വരെ അപേക്ഷിക്കാം. മാർക്ക് ലിസ്റ്റുകൾ ലഭ്യമാക്കുന്ന തീയതി പിന്നീട് അറിയിക്കും.

ഒപ്പ്/–
**അസിസ്റ്റന്റ് രജിസ്ട്രാർ I**
**(പരീക്ഷാ വിഭാഗം)**